# സുനാമി
# ഈ നൂറ്റാണ്ടിലെ ക്രൂരമായ തമാശ: കടലിനെ കല്ലുകൊണ്ട് തടയുക

കുട്ടൻ

**സുനാമി** ദുരന്തം അൽപനാളുകളിലേക്കെങ്കിലും നമ്മുടെ മനസ്സിനെ പിടിച്ചു കുലുക്കിയിട്ടുണ്ട്. മാദ്ധ്യമങ്ങൾ അതിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് കേരളത്തിലുണ്ടായ ആൾ-വസ്തു നാശങ്ങൾ കുറവാണെങ്കിലും നമുക്കിത് വലിയ നഷ്ടമാണ്. ഒരർത്ഥത്തിൽ ഈ ദുരന്തം നമുക്ക് ലഭിക്കുന്ന ഒരു സൂചനയുമാണ്. അറുനൂറോളും കിലോമീറ്റർ നീളമുള്ള കടൽത്തീരം കേരളത്തിന്റെ ശക്തിയാണ്, ദൗർബല്യവുമാണ്. അതു നമ്മുടെ സമ്പത്താണ്. എന്നാൽ നമ്മുടെ ദാരിദ്ര്യത്തിന്റെ മുഖവുമാണ്. കടലോരത്തിന്റെ സ്ഥായിയായ സംരക്ഷണമെന്നത് ഇന്നൊരു പാരിസ്ഥിതിക പ്രശ്നം മാത്രമല്ല, സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക പ്രശ്നവുമാണ്. ഈ ദുരന്തത്തിന്റെ ഫലമായി നടപ്പിലാക്കേണ്ട പുനരധിവാസം ഇപ്പോൾ പ്രധാന ചർച്ചാ വിഷയമാണ്. 1991 നിലവിൽ വന്ന തീരദേശ പരിപാലന നിയമം (CRZ) ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. ഇന്ത്യക്കാകെ ബാധകമായ ഈ നിയമത്തിൽ ഒട്ടേറെ അപാകതകളുണ്ട്. 91 ൽ നിലവിലുള്ള അവസ്ഥ വച്ചാണ് മേഖലാ വിഭജനം (നാലു തരത്തിൽ) നടത്തിയിട്ടുള്ളത്. അന്ന് നഗരമായി മാറിയവയ്ക്ക് ആ നില തുടരാം (സോൺ-2) . അക്കാലത്ത് അവികസിത പ്രദേശങ്ങളായിരുന്നവ (സോൺ-3) അങ്ങനെ തന്നെ തുടരണമെന്നുമാണ് നിയമം പറയുന്നത്. എന്നാൽ കേരളം പോലെ ഉയർന്ന ജനസാന്ദ്രതയും കൂടിയ സാമൂഹ്യ വികസനവുമുള്ള ഒരു സംസ്ഥാനത്ത് ഇത് അസാദ്ധ്യമാകുമെന്നു തീർച്ച. ഈ അസന്തുലിതാവസ്ഥക്കെതിരെ ഒട്ടേറെ വിമർശനങ്ങളുണ്ടായിട്ടുണ്ട്. നിരവധി കേസുകളുണ്ട്. ഇതിൽ ചിലതെല്ലാം ന്യായമാണുതാനും. പക്ഷെ ഇതു മുതലെടുക്കുന്നത് പലപ്പോഴും സമ്പന്നരായ ലോബികളാണ്; ടൂറിസം, ഹോട്ടൽ, നിർമ്മാണക്കമ്പനികൾ, ചെമ്മീൻ ഫാമുകൾ എന്നിങ്ങനെ

വരയും വരിയും — റഫീഖ് അഹമ്മദ്




പലരും. ദരിദ്രരായ മത്സ്യത്തൊഴിലാളികളെ മുന്നിൽ നിർത്തിയാണിവർ കളിക്കുന്നത്. ഇതിൽ പ്രധാനപ്പെട്ട ഒരു വിഭാഗം, എൻജിനീയർമാരും നിർമ്മാണ കരാർകാരും അവരെ പിന്തുണക്കുന്ന രാഷ്ട്രീയ നേതൃത്വവുമാണ്.

സുനാമി പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്ന 1358 കോടി രൂപയിൽ ഭവന നിർമാണത്തിന് 150 കോടി രൂപയാണെങ്കിൽ കടൽഭിത്തി കെട്ടാൻ 372 കോടി രൂപയാണ് നീക്കിവെച്ചിരിക്കുന്നത്. കടൽഭിത്തികൊണ്ട് കടലാക്രമണം തടയാനാകുമോ എന്ന ചോദ്യം ഏറെക്കാലമായി ഉയർത്തിയിട്ടുള്ളതാണ്. സുനാമി പോലുള്ള ആക്രമണങ്ങൾക്ക് ഇതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. പത്തും ഇരുപതും അടി ഉയരത്തിൽ വരുന്ന തിരമാലകൾക്ക് മൂന്നും നാലും അടി ഉയരമുള്ള ഭിത്തികൊണ്ട് പ്രയോജനമില്ല. സുനാമി തിര ആക്രമിച്ച പലയിടത്തും ടൺ കണക്കിനു ഭാരമുള്ള കരിങ്കല്ലുകൾ തൂക്കി അമ്പതു മീറ്റർ വരെ ദൂരേക്ക് എറിഞ്ഞതായി കാണുന്നുണ്ട്. എന്നാൽ സാധാരണ മൺസൂൺ കാലത്തുണ്ടാകുന്ന ആക്രമണങ്ങളെ ഒരു പരിധിവരെ കടൽഭിത്തികൾ തടയുന്നുവെന്നതിനാലാണ് ഇത് അത്യാവശ്യമാണെന്ന് തീരദേശ വാസികൾ ആവശ്യപ്പെടുന്നത്. ഈ അവസരമാണ് മുമ്പുപറഞ്ഞ ലോബികൾ സമർത്ഥമായി ഉപയോഗിക്കുന്നത്.

മൺസൂൺ കാലത്ത് കടലാക്രമണം ഇത്രയധികം വർദ്ധിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന കാര്യം ആലോചിട്ടില്ല. കരയിൽ നാം നടത്തുന്ന വനനശീകരണം, പാടങ്ങളും ചതുപ്പുകളും കുളങ്ങളും കായലുകളും നികത്തൽ, കുന്നിടിക്കൽ, കോൺക്രീറ്റ്വൽക്കരണം മുതലായവമൂലം മഴവെള്ളം ഭൂമിയിലിറങ്ങാതെയാകുന്നതിൽ ഒറ്റയടിക്ക് കടലിലെത്തുന്നതിന്റെ ഫലമായി ജലനിരപ്പുയരുന്നതാണ് ഇതിന്റെ ഒരു പ്രധാന കാരണം.

# കഴുകന്മാർ ദുരന്തത്തെ വ്യാഖ്യാനിക്കുമ്പോൾ

എൻ.പി. ജോൺസൺ

**ഭൂകമ്പങ്ങളുടെ** പ്രവചന സാധ്യതയെക്കുറിച്ച് കപിൽ സിബൽ പറഞ്ഞത് അനിഷേധ്യമാകുന്നത് അദ്ദേഹം ഇന്ത്യാ ഗവൺമെന്റിന്റെ ശാസ്ത്ര-സാങ്കേതിക വകുപ്പ് മന്ത്രിയായിരിക്കുന്നതുകൊണ്ടല്ല. തിളച്ചു മറിഞ്ഞുകൊണ്ടിരിക്കുന്ന ഭൂമിയുടെ ഉൾക്കാമ്പിനെക്കുറിച്ച് കൃത്യതയോടെ പ്രവചിക്കാവുന്ന ഉപാധികളൊന്നും മനുഷ്യർക്ക് കണ്ടെത്താനായിട്ടില്ലെന്നു മാത്രമല്ല, സങ്കീർണങ്ങളായ പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ച് കണിശമായ പ്രവചനങ്ങൾ അസാധ്യമാണെന്ന വസ്തുതയും ശാസ്ത്രം ഇന്നംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഭൂകമ്പത്തെ തുടർന്നുള്ള സുനാമി സാധ്യത പ്രവചിക്കുന്നതിനുള്ള സങ്കേതങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ദുരന്ത ബാധിത പ്രദേശങ്ങളിൽ അവ സ്ഥാപിക്കപ്പെടുകയും കാര്യക്ഷമമായ് പ്രവർത്തിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഒന്നരലക്ഷത്തോളം മനുഷ്യർ ഓർക്കാപ്പുറത്ത് മരണത്തിലേയ്ക്ക് വലിച്ചെറിയപ്പെടുമായിരുന്നില്ല. ഭൂകമ്പത്തെ പ്രതിരോധിക്കുന്ന കെട്ടിട നിർമ്മാണരീതികൾ അവലംബിയ്ക്കപ്പെട്ടിരുന്നുവെങ്കിൽ മറ്റു തരത്തിലുള്ള നാശനഷ്ടങ്ങളും ഏറെ കുറയുമായിരുന്നു. പക്ഷേ അതെല്ലാം ഉണ്ടെന്നുവരികിലും പ്രകൃതി ദുരന്തങ്ങളുണ്ടാകുന്നതിനുള്ള സാധ്യതകൾക്കു മുൻപിൽ ഭൂമുഖത്തെ മനുഷ്യജീവിതം അത്രയൊന്നും സുരക്ഷിതമല്ലെന്നതാണ് യാഥാർത്ഥ്യം. അത്ര ഭദ്രമായ ഒരസ്തിവാരത്തിലന്മേലല്ല നമ്മുടെ വിസ്മയകരമായ പുരോഗതിയുടെ എടുപ്പുകൾ പടുത്തുയർത്തപ്പെട്ടിട്ടുള്ളത്. ഇതിനർത്ഥം പ്രപഞ്ച പ്രതിഭാസങ്ങൾക്കു മുൻപിൽ നാം തൊഴുകൈകളോടെ നിൽക്കണമെന്നാണോ? പരിമിതികൾ ഏറെയുള്ള നമ്മുടെ ശാസ്ത്ര ജ്ഞാനത്തിനോ ഇനിയും പക്വതയാർജ്ജിച്ചിട്ടില്ലാത്ത പാരിസ്ഥിതിക ബോധത്തിനോ ചെയ്യാൻ കഴിയുന്നത്ര പ്രയോജനം പോലും അതുകൊണ്ടുണ്ടാവില്ല. എന്തെ

പല തുറമുഖങ്ങളുടെയും ഘടനയും ഇതിനു സഹായകമായിട്ടുണ്ട്. ആഗോളതാപനം തുടങ്ങിയവമൂലം കടൽനിരപ്പുയരുന്നതും കടലിന്റെ കയറ്റം വർദ്ധിപ്പിക്കുന്നു. കടലാക്രമണത്തെ അനേകകാലമായി തടഞ്ഞു നിർത്തിയിരുന്ന പ്രകൃതിയുടെ മതിലുകളെല്ലാം നാം തകർത്തുകളഞ്ഞു. കണ്ടൽ സസ്യങ്ങൾ ഇതിൽ പ്രധാന പങ്കുവഹിച്ചിരുന്നു. മനുഷ്യർ കൂടുതൽ കടലിനോടടുത്തു താമസിക്കാൻ തുടങ്ങിയതോടെയാണ് കണ്ടൽകാടുകൾ നശിച്ചത്. കരയിലെ ശുദ്ധജല സമ്പത്ത് നിലനിർത്തുന്നതിലും കണ്ടൽച്ചെടികൾ വലിയൊരു പങ്കുവഹിച്ചിരുന്നു. വിശാലമായ ബീച്ചുകളും അതിൽ പ്രകൃതി രൂപപ്പെടുത്തിയിരുന്ന മണൽക്കൂനകളും അപ്രത്യക്ഷമായി. തീരത്തു നിന്നും മണൽ ഖനനം നടത്തിയതും കടലാക്രമണത്തിന്റെ രൂക്ഷത വർദ്ധിപ്പിച്ചിട്ടുണ്ട്. സ്വാഭാവികമായും കൃത്രിമമായുമുള്ള പവിഴപ്പുറ്റുകളും കടലിന്റെ ആക്രമണശേഷിയെ കുറക്കുന്നവയുമാണ്. ഇതൊന്നും ഇല്ലാതായപ്പോഴാണ്, കരിങ്കൽഭിത്തി, മണൽച്ചാക്കുകൾ തുടങ്ങിയ കൃത്രിമ രീതികൾ സ്വീകരിക്കാൻ നിർബന്ധിതരായത്.

കടൽഭിത്തികൾ ഈ പ്രശ്നത്തിനൊരു സ്വാഭാവികവും സുസ്ഥിരവുമായ പരിഹാരമല്ല, താൽക്കാലിക (വേദനസംഹാരി പോലുള്ള) ചികിത്സ മാത്രമാണ്. കടൽത്തീരം മുഴുവൻ നമുക്കു ഭിത്തി കെട്ടാനാവില്ല. അങ്ങനെ വന്നാൽ പിന്നെ മത്സ്യത്തൊഴിലാളികൾക്ക് കടലിലിറങ്ങാനാവില്ല. ഇതിനായി ഇടക്കിടക്ക് വിടവുകൾ ഉണ്ടാക്കാമെന്നുവച്ചാൽ, മുഴുവൻ ശക്തിയുമെടുത്ത് കടൽ ആ വിടവിലൂടെ കയറും. അതാണിപ്പോൾ പലയിടത്തും കാണുന്നത്. തങ്ങളുടെ ഭാഗത്ത് കടൽഭിത്തി കെട്ടണമെന്ന് ഓരോ പ്രദേശത്തുള്ളവരും ആവശ്യപ്പെടുന്നത് ഇതുമൂലമാണ്. തിരകൾ തീരത്തേക്ക് മണൽ കൊണ്ടുവരുന്നത് നിക്ഷേപിക്കപ്പെടാതെ പോകുന്നതുകൊണ്ട്.നിരവധി പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ഭിത്തിയിൽ തിരയടിച്ച പിൻവാങ്ങുമ്പോൾ അതിനുതാഴെനിന്നും മണൽ എടുക്കുന്നതിനാൽ ഭിത്തികൾ താഴേക്കു പോകുന്നു. പലപ്പോഴും ഇവ പൊളിയുന്നതിനാൽ ഓരോ വർഷവും ഇവ വീണ്ടും നിർമ്മിക്കേണ്ടിവരും. ഇതിനുവേണ്ടി മുടക്കുന്നത് വലിയൊരു സംഖ്യയാണ്. (ഇതുതന്നെയാണ് നിർമ്മാണ ലോബിയുടെ ലക്ഷ്യവും - കണക്കില്ലാതെ പണം തട്ടാം)

ഇതെല്ലാമറിയാമായിരുന്നിട്ടും ദരിദ്രരായ മത്സ്യത്തൊഴിലാളികൾ, കടൽഭിത്തിക്കുവേണ്ടി വാദിക്കുന്നത്, മറ്റു സാദ്ധ്യതകൾ അവർക്കു ബോദ്ധ്യപ്പെടാത്തതിനാലാണ് ഒറീസയിലും തമിഴ്നാടിന്റെ പല പ്രദേശങ്ങളിലും കണ്ടൽക്കാഴ്ചകളും മറ്റും എങ്ങനെയാണ് കടലാക്രമണത്തിന്റെ രൂക്ഷത കുറച്ചത് എന്നുംമറ്റും പറഞ്ഞതുകൊണ്ടു കാര്യമില്ല. മറ്റു പല പ്രകൃതി വിരുദ്ധ വികസന പദ്ധതികളിലുമെന്നപോലെ (ഹൈവേകൾ, വൻകിട അണക്കെട്ടുകൾ മുതലായവ) ഇവിടെയും തൽപരകക്ഷികൾക്കാണ്. മേൽക്കൈ എന്നു തിരിച്ചറിയണം. സർക്കാരിലും ഇവർക്കാണ് സ്വാധീനം. ഇതിനുബദലായുള്ള വികസന സങ്കൽപങ്ങൾ വളർത്തിയെടുക്കാനുള്ള ശ്രമങ്ങളാണ് അനിവാര്യം. സ്വതന്ത്ര മത്സ്യത്തൊഴിലാളി സംഘടനകൾ ഈ തരത്തിൽ ചില പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പരിസ്ഥിതി സംഘടനകളും ഇതിനുവേണ്ടി ഏറെക്കാലമായി ശ്രമിക്കുന്നുണ്ട്. എന്നാൽ എം.എസ്. സ്വാമിനാഥനെപ്പോലുള്ള ചിലർ കണ്ടൽ തുടങ്ങിയ ഒറ്റമൂലി പ്രയോഗങ്ങളുമായി രംഗത്തുവരുന്നതിനെ അൽപം സംശയത്തോടെ മാത്രം സ്വാഗതം ചെയ്യേണ്ടതുണ്ടുതാനും.

ങ്കിലും വിവേചനശേഷിയോ കാരുണ്യമോ രക്ഷാകർതൃ ഭാവമോ അവയ്ക്കുണ്ടായിരുന്നുവെങ്കിൽ നിഷ്കളങ്കരായ പതിനായിരക്കണക്കിന് കുരുന്നുകൾക്കെങ്കിലും ജീവൻ നഷ്ടപ്പെടുമായിരുന്നില്ല.

ഭൂമിയുടെ ചരിത്രത്തിലെ അനേകമനേകം ഭൂകമ്പങ്ങൾക്കു ശേഷമായിരിക്കണം ഭൂമുഖത്ത് ആദ്യമായി ജീവന്റെ തുടിപ്പുകൾ പ്രത്യക്ഷപ്പെട്ടത്. പിന്നെയും ലക്ഷക്കണക്കിനു വർഷത്തെ പരിണാമങ്ങൾക്കൊടുവിലാണ് മനുഷ്യവംശം ഉൽഭവിച്ചത്. പിന്നെയും ഏറെ വൈകി മാത്രമാണ് ഒരു ജീവിവർഗം എന്ന നിലയിൽ ഇതരജീവജാലങ്ങൾക്കുമേൽ സംഘടിതമായ ആധിപത്യം സ്ഥാപിക്കാൻ മനുഷ്യർക്കു കഴിഞ്ഞത്. അത് ഭൂമിയുടെ ജൈവ-ഭൗതിക പരിസ്ഥിതിയ്ക്കുമേൽ പ്രകടമായ വ്യതിയാനങ്ങൾക്കിടവരുത്തിയതിന് അത്ര നീണ്ട ഒരു ചരിത്രവുമില്ല. ഇക്കാലത്തൊക്കെയും പക്ഷേ പ്രകൃതി പ്രതിഭാസങ്ങളുടെ അത്യുഗ്രമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ഭൂകമ്പങ്ങൾ, കടൽത്തിരമാലകൾ, അതിവർഷം, പ്രളയം, അഗ്നിപർവ്വത സ്ഫോടനങ്ങൾ, ലാവാ പ്രവാഹങ്ങൾ, ഹിമപാതം, അതിശൈത്യം, അത്യുഷ്ണം തുടങ്ങിയ അസാധാരണമായ അനേകം സംഭവങ്ങൾ.

മേൽപ്പറഞ്ഞവയെല്ലാം നിയന്ത്രിക്കുന്നതിന് പര്യാപ്തമായ ഒരു പരിസ്ഥിതിജ്ഞാനമോ സാങ്കേതിക വൈഭവമോ സാധ്യമാണെന്ന അവകാശവാദത്തിന്റെ പേരിലല്ല ലോകമെമ്പാടും ഒരുപാടു മനുഷ്യർ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. മറിച്ച്, മനുഷ്യ നിർമ്മിതമായ ദുരന്തങ്ങളുടെ തീവ്രത കുറയ്ക്കുന്നതിനുള്ള വിവേകം പ്രകടിപ്പിക്കുക എന്നതിന്റെ അടിസ്ഥാനത്തിലാണ്. കോടിക്കണക്കിനാളുകളെ പൊടുന്നനെ മരണത്തിലേയ്ക്കു നയിക്കുന്ന ഭയാനകമായ ദുരന്തങ്ങൾക്ക് മനുഷ്യപ്രവർത്തനങ്ങൾ തന്നെ വഴിയൊരുക്കുന്നതിനുള്ള സാധ്യത തീർച്ചയായും ഉണ്ട്. അതിരൂക്ഷമായ ശുദ്ധജലക്ഷാമത്തിന്റെയോ, കാലാവസ്ഥാ വ്യതിയാനങ്ങളുടെയോ, ഖനനം മൂലമുള്ള ഭൂകമ്പങ്ങളുടെയോ രൂപത്തിൽ അതുണ്ടായെന്നുവരാം. വിഭവശോഷണത്തിന്റെ ഫലമായുണ്ടാകുന്ന സംഘർഷങ്ങളും വൻദുരന്തങ്ങൾക്കിടയാക്കിയേക്കാം. പക്ഷേ, അതെല്ലാം ഒഴിവാക്കുവാൻ നമുക്കു കഴിഞ്ഞെന്നു വരികിലും സർവനാശകരമായ പ്രകൃതി ദുരന്തങ്ങൾക്കുള്ള സാധ്യത ഇല്ലാതാകുന്നില്ല.

സുനാമി ദുരന്തത്തെക്കുറിച്ച് ചില പരിസ്ഥിതി ചിന്തകരും ആത്മീയ കച്ചവടക്കാരും അതിരുകടന്ന വ്യാഖ്യാന വൈഭവങ്ങൾ പ്രകടിപ്പിക്കുന്നതു കാണുമ്പോൾ അത്ഭുതത്തേക്കാൾ ഭയമാണ് തോന്നുന്നത്. കാരണം, പ്രകൃതി ദുരന്തങ്ങൾ നിയതമായി ആവർത്തിക്കപ്പെടുന്നവയല്ല. പക്ഷേ, ഇത്തരം വ്യാഖ്യാനങ്ങളുടെ പിന്നിലുള്ള മനോഭാവനിർമ്മിതികൾ പകർച്ച വ്യാധി പോലെ പടരുന്നവയാണ്. നീണ്ടുനില്ക്കുന്ന യാതനകൾ സൃഷ്ടിക്കുന്നതിനും അവയ്ക്ക് ശേഷിയുണ്ട്. അതിനെ നേരിടുകയെന്നത് ഒരു സുനാമി ദുരന്തത്തെ നേരിടുന്നതിനേക്കാൾ ശ്രമകരമായിത്തീർന്നെന്നു വരാം.

ധിഷണാശാലിയായ ഒരു തത്വചിന്തകനായിരുന്നു ശ്രീനാരായണ ഗുരു. ശവശരീരം വെട്ടിമുറിച്ച് തെങ്ങിനു വളമാക്കുന്നതിൽ തെറ്റില്ലെന്നു പറയാൻ പോലും ധൈര്യം കാണിച്ച അദ്ദേഹത്തിന്റെ ചിന്തകൾക്ക് പക്ഷേ ദൂരവ്യാപകമായ മാറ്റങ്ങളൊന്നും സൃഷ്ടിക്കാനായില്ല. അന്ധവിശ്വാസങ്ങളുടെ പിടിയിൽ നിന്ന് കേരളീയരെ മോചിപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചിരുന്നുവെങ്കിൽ ജാതിചിന്തയുടെയും പണാധിപത്യത്തിന്റെയും ദുർമോഹങ്ങൾക്ക് എഴുന്നള്ളിച്ചുകൊണ്ടു നടക്കാവുന്ന ഒരു പേരായി അത് മാറുമായിരുന്നില്ല. മദ്യവ്യാപാരികളുടെയും മറ്റും ധനശേഷി പ്രകടനങ്ങളിൽ പ്രതിമ മാത്രമായി ആ തത്വചിന്ത തമസ്കരിക്കപ്പെടുമായിരുന്നില്ല. ഒരു ദുരന്തത്തെക്കുറിച്ച് വികലമായ പരിസ്ഥിതി-ആത്മീയ വ്യാഖ്യാനങ്ങൾ വിളമ്പുവാൻ ധൈര്യം കാണിക്കുന്ന മന്ദബുദ്ധികൾ വിലസുന്ന ഒരിടമായി ശ്രീനാരായണ വചന പ്രഘോഷണവേദികൾ പരിണമിക്കുമായിരുന്നില്ല. ഏറ്റവുമൊടുവിൽ നാം കാണുന്നതുപോലെ സമുദായ പ്രമാണിമാർക്ക് നഗ്നമായ വർഗീയ-സമ്മർദ്ദ രാഷ്ട്രീയം പയറ്റുന്നതിനുള്ള കപട നാടക വേദിയായി അധഃസ്ഥിത നവോത്ഥാനം നാണം കെടുമായിരുന്നില്ല.

വേളാങ്കണ്ണിപ്പള്ളിയിൽ വെള്ളം കയറിയിട്ടില്ലെന്ന് അത്ഭുതപ്പെടുന്നവരോട്, ദുരന്തം ബൈബിളിൽ പ്രവചിച്ചിട്ടുള്ളതാണെന്ന് അവകാശപ്പെടുന്നവരോട്, മനുഷ്യർ ദൈവത്തെ മറന്നതിന്റെ ശിക്ഷയാണെന്ന് വ്യാഖ്യാനിക്കുന്നവരോട് അവരുടെ ദൈവസങ്കല്പങ്ങളിലെ പൊള്ളത്തരം പറഞ്ഞു മനസ്സിലാക്കുക ശ്രമകരമാണ്. തത്വചിന്തയുടെ പരിവേഷമണിയുന്ന ഭക്തി - ആത്മീയതാ വ്യവസായക്കാരോട് ഇത്രമാത്രമേ നമുക്ക് അപേക്ഷിക്കാനാകൂ - ദുരന്തഭൂമിയിലെ കച്ചവട സാധ്യത മുന്നിൽ കാണുമ്പോഴാണെന്നു വരികിലും ദയവായ് നിങ്ങളുടെ ദംഷ്ട്രകൾ ശവശരീരങ്ങളായിത്തീർന്നിട്ടില്ലാത്ത മനുഷ്യർ കാണുന്നുണ്ടെന്ന കാര്യം വിസ്മരിക്കാതിരിക്കുക! ശവശരീരങ്ങൾക്കു നേരെ താഴ്ന്നു പറക്കരുതെന്ന് കഴുകന്മാരെ വിലക്കുക എളുപ്പമാവില്ലെങ്കിലും ഇത്രയെങ്കിലും നാം പറഞ്ഞേ മതിയാകൂ.

മനുഷ്യർ എന്ന വിഭാഗീയതയുടെ പക്ഷത്തുനിന്നു നോക്കുമ്പോൾ സുനാമി സൃഷ്ടിച്ച ഈ ദുരന്തം വേദനാജനകം തന്നെ. ചുറ്റുപാടുകളെ വരുതിയിലാക്കുന്നതിനുള്ള നമ്മുടെ ജൈവവാസനകളുടെ സാധ്യതകളും പരിമിതികളും തിരിച്ചറിയേണ്ടുന്ന ഒരു സന്ദർഭം കൂടിയാണിത്. നമ്മുടെ സാമൂഹികജീവിതത്തെ നീതിപൂർവം പുനഃക്രമീകരിക്കുന്നതിനുള്ള സന്നദ്ധതയെ ഉണർത്തുന്നതിനും ഈ ദുരന്തം പ്രേരണയാകുമോ? സാധാരണ മനുഷ്യരുടെ ജീവിത ചുറ്റുപാടുകൾ മെച്ചപ്പെടുത്തുന്നതിനുപകരം അതിവികസന പദ്ധതികളുടെ നടത്തിപ്പും ഓഹരി വിപണിയുടെ ഭദ്രതയും മുഖ്യപ്രശ്നങ്ങളായി കരുതുന്ന രാഷ്ട്രീയത്തെ വിചാരണ ചെയ്യാവുന്ന ഒരു സന്ദർഭവുമാണിത്. ദുരിതാശ്വാസ പ്രവർത്തനങ്ങളെ രാഷ്ട്രീയ/ആത്മീയ വിധേയത്വം ഉറപ്പിക്കുന്നതിനുള്ള അവസരമായിക്കരുതുന്ന മനോഭാവങ്ങളുടെ നേർക്കും ഒരു ചോദ്യചിഹ്നം ഉയർത്തപ്പെടേണ്ടതുണ്ട്. ദുരിതാശ്വാസമെത്തിക്കുന്നതിനിടയിൽ ചില്ലറ കച്ചവടങ്ങൾക്ക് പഴുതു തേടുന്ന ബ്യൂറോക്രസിയുടെ നേർക്കും ജീവകാരുണ്യത്തെ സർക്കാരിതര സേവനസംരംഭങ്ങൾക്കുള്ള വഴിയൊരുക്കലായ് കരുതുന്ന സന്നദ്ധ സംഘടനകൾക്കുനേർക്കും ഒരു കരുതൽ തീർച്ചയായും നല്ലതായിരിയ്ക്കും. **ദുരന്തങ്ങളെ കൂട്ടായി അഭിമുഖീകരിക്കുന്നതിന് നമ്മെ പ്രാപ്തരാക്കുന്ന സഹജീവിസ്നേഹം കൊണ്ടും സംഘബോധം കൊണ്ടും ഇത്തരം താൽപര്യങ്ങളെയും നമുക്കു ചെറുക്കാനാകും.** ഇത്രയധികം പേർ മരണത്തെ വരിയ്ക്കേണ്ടി വന്ന, ഇനിയും ജനലക്ഷങ്ങളുടെ ജീവിതം ചോദ്യചിഹ്നമായവശേഷിപ്പിച്ച, ഈ ദുരന്തത്തിനിടയിലും നമ്മുടെ ഓഹരി വിപണി കുതിക്കുകയായിരുന്നു എന്നു വസ്തുത ഒരു രാഷ്ട്രീയമായ തിരിച്ചറിവായ് വായിച്ചെടുക്കുവാൻ നമുക്കു കഴിയുമോ? ദുരന്തത്തിൽ ജീവൻ വെടിഞ്ഞവരുടെ ഉറ്റവർ ഏത് ദൈവത്തിന് നന്ദി പറയും എന്ന ചോദ്യവും ഇതിന് സമാന്തരമായ ഒരു തിരിച്ചറിവായിരിയ്ക്കും.

*ഹരിതമൈത്രി, ആദം ബസാർ*
*അങ്കമാലി - 683 572*